# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്തിമൂന്ന്

## ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം

## (6)

### XXIV. ദൈവഭവനത്തിലെ ന്യായവിധി

1 പത്രൊസ് 4:17 പറയുന്നു, "എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?" ദൈവത്തിന് വ്യത്യസ്തമായ ഭരണപരമായ ഇടപെടലുകൾ ഉണ്ടെന്ന് ഈ വാക്യത്തിൽ നമുക്കു കാണുവാൻ കഴിയും. ദൈവം തന്റെ ഭവനത്തോട്, അതായത്, തന്റെ മക്കളോട്, ഒരു രീതിയിലും ഒരു സമയത്തും ഇടപെടുകയും, സുവിശേഷം അനുസരിക്കാത്തവരോട് മറ്റൊരു രീതിയിലും മറ്റൊരു സമയത്തും ഇടപെടുകയും ചെയ്യുന്നു. നാം രക്ഷിക്കപ്പെടുകയും, ദൈവത്തിന്റെ കുടുംബവും ദൈവത്തിന്റെ ഭവനക്കാരും ആയിത്തീർന്നെങ്കിലും, ദൈവത്താൽ ഇനിയൊരിക്കലും ന്യായംവിധിക്കപ്പെടുകയില്ല എന്ന് ഇത് അർഥമാക്കുന്നില്ല. അതിനു വിരുദ്ധമായി, ദൈവത്തിന്റെ ന്യായവിധി അവന്റെ ഭവനത്തിൽ ആരംഭിക്കുമെന്ന് ഈ വാക്യം പറയുന്നു. സ്വന്തം മക്കളോട് ഇടപെടുന്നതിൽ ദൈവം അനീതിയുള്ളവനാണെങ്കിൽ, അവിശ്വാസികളെയും തന്നെ എതിർക്കുന്നവരെയും അവന് എങ്ങനെ ന്യായംവിധിക്കുവാൻ കഴിയും? ഇവിടെയുള്ള തത്ത്വം ഇതാണ്, അവിശ്വാസികളെ വിധിക്കുന്നതിൽ ദൈവം നീതിയുള്ളവനായിരിക്കണമെങ്കിൽ, അവൻ നീതിയുള്ള ന്യായവിധി ആദ്യം തന്റെ മക്കളിൽ നടത്തണം.

### XXV. ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി ജീവനിൽ വളരുന്നത്

വൃത്തിയും, വെടിപ്പും, നീതിമാന്മാരും, പാപരഹിതരുമായ ആളുകളാൽ നിറഞ്ഞ ഒരു പ്രപഞ്ചം ഉണ്ടായിരിക്കണമെന്നതല്ല

ദൈവത്തിന്റെ ഇംഗിതം. നാം കണ്ടതുപോലെ, തെരഞ്ഞെടുക്കപ്പെട്ട തന്റെ ജനത്തെ തന്റെ മക്കളാക്കിക്കൊണ്ട് അവരിലേക്ക് അവനെത്തന്നെ വിതെക്കുക എന്നതാണ് ദൈവോദ്ദേശ്യം. വീണ്ടുംജനനത്തിലൂടെ, ദൈവത്തിന്റെ ജീവൻ വിത്തായും ഉൾക്കോളായും ഉണ്ടായിട്ട്, ഒരിക്കൽ നാം ദൈവമക്കളായിത്തീർന്നാൽ, ദൈവത്തോടുകൂടെയും ദൈവത്തിലേക്കും വളരുകയും അവന്റെ എല്ലാ ദിവ്യ മൂലകത്താലും അഭിവ്യാപിക്കപ്പെട്ട് പൂർണമായി രൂപാന്തരപ്പെടുകയും വേണം. ദൈവത്തിന്റെ ഉദ്ദേശ്യം നിർമലരും നീതിമാന്മാരുമായ ഒരു കൂട്ടം ജനത്തെ നേടുകയല്ല, ദൈവത്താൽ സാന്ദ്രീകരിക്കപ്പെട്ടവരും അവനിൽ പണിയപ്പെട്ടവരുമായ ഒരു ജനത്തെ നേടുക എന്നതാണ്. എന്നാൽ മുഖ്യമായും പാപം, ലോകം, സ്വയം എന്നിവ മുഖാന്തരം ദൈവത്തിന്റെ വേലയെ തടസ്സപ്പെടുത്തുവാൻ സാത്താൻ വന്നു. അങ്ങനെ, നാം ദൈവത്തിന്റെ ജീവനിൽ വളരണമെങ്കിൽ, പാപത്തെ വെറുക്കുകയും ലോകത്തെ ഉപേക്ഷിക്കുകയും സ്വയത്തെ ത്യജിക്കുകയും വേണം. പാപത്തോട് ഇടപെടുന്നതിന്റെ ലക്ഷ്യം കേവലം പാപത്തോടുതന്നെ ഇടപെടുന്നതല്ല, മറിച്ച് ജീവനിലുള്ള വളർച്ചയ്ക്കുള്ള സാത്താന്യ തടസ്സത്തെ ഇല്ലാതാക്കുകയാണ്. നമ്മുടെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നത് ഒരു ചെറിയ കാര്യമാണ്; നാം ദൈവത്തിന്റെ ജീവനിൽ വളരേണ്ടതിന് പാപകരമായ തടസ്സത്തിൽനിന്നും വിടുവിക്കപ്പെടുന്നതാണ് മുഖ്യമായ കാര്യം. നിങ്ങൾ ഒരു പാപം ചെയ്തിട്ട് അനുതപിക്കുകയും കർത്താവിനോടുകൂടെ പോകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, ക്രിസ്തുവിന്റെ വീണ്ടെടുപ്പു നിമിത്തം തീർച്ചയായും ദൈവം നിങ്ങളുടെ പാപം ക്ഷമിക്കും. അതിനെക്കുറിച്ച് വിഷമിക്കേണ്ട ആവശ്യമില്ല. ദൈവത്തിന്റെ ഉദ്ദേശ്യം കേവലം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയല്ല, മറിച്ച് അവന്റെ ജീവനിൽ നിങ്ങൾ വളരുന്നതിന് നിങ്ങളെ മുന്നോട്ട് കൊണ്ടുപോകുക എന്നാണ്. നാമെല്ലാവരും മനുഷ്യരായതുകൊണ്ട് പാപത്തിലേക്ക് എളുപ്പം വീണുപോകുന്നവരാണ്. എന്നാൽ ജീവനിൽ വളരുവാൻ നാം ആഗ്രഹിക്കുന്നിടത്തോളം ദൈവം നമ്മുടെ പാപങ്ങളെ സ്വമേധയാ ഏറ്റെടുക്കുകയും യേശുവിന്റെ രക്തത്താൽ നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. എന്നാൽ, വളരുവാൻ നമുക്കു മനസ്സില്ലാതിരിക്കുകയും നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ, അതു ചെയ്യുവാൻ അവൻ വിശ്വസ്തനായിരിക്കുമെങ്കിലും, ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിൽ നാം ഉണ്ടായിരിക്കുകയില്ല. കേവലം പ്രതിലോമ വശങ്ങളിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നത് ദൈവോദ്ദേശ്യം നിറവേറ്റുന്നില്ല. നാം വളരുകയും ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുകയും വേണം.

## XXVI. സഹസ്രാബ്ദ രാജ്യത്തിലേക്കു പ്രവേശിക്കുന്നതിനാവശ്യമായ ജീവനും വേലയും

മത്തായി 24-ലും 25-ലുമുള്ള ചിത്രം എനിക്കിഷ്ടമാണ്. കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, മത്തായി 24:40-41-ൽ ജീവിച്ചിരിക്കുന്ന രണ്ടുപേരെയും മത്തായി 25:1-4-ൽ മരിച്ചുപോയ പത്തുപേരെയും നാം കാണുന്നു. ജീവിച്ചിരിക്കുന്ന രണ്ടുപേരിൽ ഒരുവൻ എടുക്കപ്പെടുകയും മറ്റൊരുവൻ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു. മരിച്ചുപോയ പത്തുപേരിൽ അഞ്ചുപേർ സ്വീകരിക്കപ്പെടുകയും അഞ്ചുപേർ താൽക്കാലികമായി തിരസ്കരിക്കപ്പെടുകയും ചെയ്യു. രക്ഷിക്കപ്പെട്ടവർ ഒരിക്കലും ദൈവത്താൽ നിത്യമായി തിരസ്കരിക്കപ്പെടുവാൻ കഴിയുകയില്ലെങ്കിലും, ഡിഗ്രിക്ക് നന്നായി പഠിക്കാത്ത ഒരു കുട്ടിക്ക്, നന്നായി പഠിച്ചിറങ്ങിയ തന്റെ സഹോദരനും സഹോദരിക്കും മാതാപിതാക്കൾ ഒരുക്കുന്ന ഒരു സവിശേഷ അത്താഴവിരുന്നിൽ പങ്കുചേരുവാൻ കഴിയാത്തതുപോലെ, അവർ യുഗപരമായി തിരസ്കരിക്കപ്പെടാം. അങ്ങനെയുള്ള ഒരു കുട്ടിയെ മാതാപിതാക്കൾ ഒരിക്കലും സ്ഥിരമായി തിരസ്കരിക്കുകയില്ലെങ്കിലും അവൻ താൽക്കാലികമായി തിരസ്കരിക്കപ്പെടാം. നാം മത്തായി 1 വിശ്വസിക്കുന്നുവെങ്കിൽ, മത്തായി 24-ഉം 25-ഉം കൂടി വിശ്വസിക്കണം. നാം ഇഷ്ടപ്പെടുന്ന വാക്യങ്ങൾ തിരഞ്ഞെടുക്കുകയും നാം ഇഷ്ടപ്പെടാത്ത വാക്യങ്ങളെ അവഗണിക്കുകയും ചെയ്യരുത്. മത്തായി 24-ഉം 25-ഉം നമ്മുടെ ക്രിസ്തീയ ജീവിതത്തിനും വേലയ്ക്കും നിർണായകമാണ്.

മത്തായി 25-ൽ നമ്മെ സംബന്ധിച്ച രണ്ട് ഉപമകളുണ്ട് - പത്തു കന്യകമാരുടെ ഉപമയും താലന്തുകളുടെ ഉപമയും. പത്തു കന്യകമാരുടെ ഉപമ നമുക്കുണ്ടായിരിക്കേണ്ട ജീവിതത്തെ ചിത്രീകരിക്കുന്നു, താലന്തുകളുടെ ഉപമ നമുക്കുണ്ടായിരിക്കേണ്ട വേലയെ വരച്ചുകാട്ടുന്നു. നമ്മുടെ ജീവിതം ബുദ്ധിയുള്ള ഒരു കന്യകയുടേതും, നമ്മുടെ വേല വിശ്വസ്തനായ ഒരു ദാസന്റേതും ആയിരിക്കണം. പത്തു കന്യകമാരുടെ ഉപമയിൽ, നമുക്ക് ഉണർന്നിരിക്കുന്നതായ ഒരു ജീവിതം, നിരന്തരമായി സാക്ഷ്യം വഹിക്കുന്നതും കർത്താവിനെ എതിരേൽക്കുവാൻ ലോകത്തിൽനിന്നു പുറത്തേക്കു പോകുന്നതുമായ ഒരു ജീവിതം ഉണ്ടായിരിക്കണമെന്ന് നാം കാണുന്നു. നമ്മുടെ ആത്മാവ് ദൈവത്തിന്റെ ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെടണമെന്നു മാത്രമല്ല, നമ്മുടെ ദേഹി എന്ന നമ്മുടെ പാത്രം ജീവൻ നൽകുന്ന ആത്മാവിന്റെ അധിക പങ്കിനാൽ രൂപാന്തരപ്പെടണമെന്നും ഈ ഉപമ വെളിപ്പെടുത്തുന്നു.

കൂടാതെ, കർത്താവു നൽകിയ താലന്തുകളുപയോഗിച്ച് കർത്താവിനുവേണ്ടി വ്യാപാരം നടത്തുകയും അവന്റെ

വ്യവസ്ഥയ്ക്കുവേണ്ടി ലാഭം നേടുകയും ചെയ്യുകൊണ്ട്, നമ്മുടെ വേല വിശ്വസ്തനായ ഒരു ദാസന്റെ വേലയായിരിക്കണമെന്ന് താലന്തുകളുടെ ഉപമ വെളിപ്പെടുത്തുന്നു. മത്തായിയുടെ സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതനുസരിച്ച്, സഹസ്രാബ്ദ രാജ്യത്തിൽ വരുവാനിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തോടുകൂടെയുള്ള പ്രതിഫലം പ്രാപിക്കുന്നതിന് അങ്ങനെയുള്ള ഉണർന്നിരിക്കുന്ന ഒരു ജീവിതവും വിശ്വസ്തമായ ഒരു വേലയും നിർണായകമായും ആവശ്യമാണ്. ഇത് കേവലം കർത്താവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയിലെ വിശ്രമത്തിന്റെ ആസ്വാദനത്തിൽനിന്നും വ്യത്യസ്തമാണ്.

## A. പ്രാപ്തിക്കനുസരിച്ച് താലന്തുകൾ നൽകുന്നു

ദൈവമക്കളായിരിക്കുവാൻ ദിവ്യജീവൻ ഉള്ളവരായി നാം വീണ്ടുംജനിപ്പിക്കപ്പെട്ടവർ മാത്രമല്ല, പിന്നെയോ അവന്റെ ദാസന്മാരായി കർത്താവിനെ സേവിക്കേണ്ടതിന് താലന്തുകൾ ലഭിച്ചവരുമാണ്. തങ്ങളുടെ പ്രാപ്തിക്കനുസരിച്ച് ദാസന്മാർക്ക് താലന്തുകൾ നല്കിയിരുന്നുവെന്ന് താലന്തുകളുടെ ഉപമയിൽ നാം കാണുന്നു. "ഒരുവന് അഞ്ചും മറ്റൊരുവന് രണ്ടും വേറൊരുവന് ഒന്നും, ഓരോരുത്തനും അവന്റെ സ്വന്തം കഴിവനുസരിച്ച് താലന്തുകൾ കൊടുത്തു." (മത്താ. 25:15). നമുക്കെല്ലാവർക്കും ചില കഴിവുകളുണ്ട്, നമുക്കു നൽകപ്പെട്ട താലന്തുകൾ നമ്മുടെ പ്രാപ്തിക്കനുസരിച്ചാണ്. അപ്പൊസ്തലനായ പൗലൊസിന് അധികം പ്രാപ്തി ഉണ്ടായിരുന്നതിനാൽ അവന് അനേകം താലന്തുകൾ നല്കപ്പെട്ടു. സഹോദരൻ വാച്ച്മാൻ നീക്കും വളരെ പ്രാപ്തി ഉണ്ടായിരിക്കുകയും, അനേകം താലന്തുകൾ നല്കപ്പെടുകയും ചെയ്തു. എന്നാൽ, നമ്മുടെ സ്വാഭാവിക പ്രാപ്തിയെല്ലാം ക്രിസ്തുവിന്റെ മരണത്താൽ ഇടപെടപ്പെടുകയും, കർത്താവു നൽകിയ താലന്തുമായി സഹകരിക്കുന്നതിന് അത് പുനരുത്ഥാനത്തിലേക്ക് കൊണ്ടുവരപ്പെടുകയും വേണം. നമ്മുടെ സ്വാഭാവിക പ്രാപ്തി എപ്പോഴും കർത്താവിന്റെ കരത്തിൽ നാം ഉപയോഗമുള്ളവരായിരിക്കുവാൻ ഒരു തടസ്സമാണ്. കർത്താവിന്റെ വേലയിൽ, സ്വാഭാവികമായതിനല്ല, ഉയിർപ്പിക്കപ്പെട്ട പ്രാപ്തിക്കു മാത്രമേ കർത്താവു നൽകുന്ന താലന്തുമായി യോജിക്കുവാൻ കഴിയുകയുള്ളൂ.

## B. മടിയനായിരിക്കുന്നതിനെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പ്

"എനിക്ക് അധികം പ്രാപ്തിയില്ലാത്തതുകൊണ്ട് അധികം താലന്തുകൾ നല്കിയിട്ടില്ലാത്തതിനാൽ ഞാൻ കർത്താവിനെ സ്തുതിക്കുന്നു, അതിനാൽ എനിക്ക് അധികമൊന്നും ചെയ്യാനില്ല" എന്നു പറഞ്ഞ് നമ്മിലാരും ഒഴികഴിവ് പറയരുത്. നമുക്ക് അഞ്ചു താലന്തോ, രണ്ടു താലന്തോ, ഒരു താലന്തോ നൽകിയിട്ടുണ്ടെങ്കിലും,

തത്ത്വം ഒന്നുതന്നെയാണ്: നാം മറ്റൊരു അഞ്ചോ, രണ്ടോ, ഒന്നോ കർത്താവിനുവേണ്ടി നേടണം. നിങ്ങൾക്ക് ഒരു താലന്താണ് നൽകിയിട്ടുള്ളതെങ്കിൽ, മടിയനായിരിക്കാനുള്ള ഒരു ഒഴികഴിവായി അതിനെ ഉപയോഗിക്കരുത്. ഉപമയനുസരിച്ച്, അപകടം കൂടുതൽ താലന്തുകൾ ഉള്ളവർക്കല്ല, മറിച്ച് ഒരു താലന്തുള്ളവർക്കാണ്. ഒരു താലന്തുള്ള ദാസൻ സ്വയം ഒഴിയാൻ ശ്രമിച്ചുവെങ്കിലും ലഭിച്ചത് ശാസനയും ശിക്ഷയുമാണ്. C.I. സ്കോഫീൽഡ് ഉൾപ്പെടെ നിരവധി അടിസ്ഥാന ബൈബിൾ അധ്യാപകർ പറയുന്നത്, ഒരു താലന്തുള്ള ദാസൻ ഒരു വ്യാജ ക്രിസ്ത്യാനിയായിരുന്നു എന്നാണ്. കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ഈ അടിസ്ഥാന അധ്യാപകർ, കാൽവിനിസ്റ്റ് സിദ്ധാന്തക്കാരായതിനാൽ, ഇങ്ങനെ പറയുവാൻ അവർ നിർബന്ധിതരാകുന്നു, കാരണം, ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ നാം എന്നേക്കും രക്ഷിക്കപ്പെട്ടവരാണെന്ന പഠിപ്പിക്കലുമായി വചനത്തിലെ ഇങ്ങനെയുള്ള ഭാഗങ്ങളെ പൊരുത്തപ്പെടുത്തുവാൻ അവർക്കു കഴിയുന്നില്ല. ഒരു ക്രിസ്ത്യാനിയെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുന്നത് എങ്ങനെയെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിയാത്തതിനാൽ, മടിയനായ ഒരു താലന്തുള്ള ദാസൻ ഒരു വ്യാജ വിശ്വാസിയാണെന്ന് അവർക്ക് പറയേണ്ടി വന്നു. കാൽവിനിസ്റ്റ് സിദ്ധാന്തം സമ്മാനവും ശിക്ഷയും ഉൾപ്പെടുന്ന പ്രതിഫലത്തിന്റെ കാര്യം കാണുന്നില്ല. എന്നാൽ വിശുദ്ധ വചനത്തിന്റെ സമ്പൂർണ വെളിപാട് വിശ്വാസത്താലുള്ള നിത്യരക്ഷയെ കാണിക്കുക മാത്രമല്ല, പ്രവൃത്തികളാൽ ലഭിക്കുന്ന യുഗപരമായ പ്രതിഫലത്തെ (സമ്മാനം അല്ലെങ്കിൽ ശിക്ഷയെ) നമുക്ക് വെളിപ്പെടുത്തുകയും ചെയ്യുന്നു. ഒരു സമ്മാനം എന്ന യുഗപരമായ പ്രതിഫലം സഹസ്രാബ്ദ രാജ്യത്തിൽ വരുവാനിരിക്കുന്ന ശബ്ബത്തിൻ വിശ്രമമായിരിക്കും. നാം ആ ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കണമെങ്കിൽ, വിശ്വാസത്താൽ എന്നേക്കുമായി രക്ഷിക്കപ്പെട്ടതിനുശേഷം, ബുദ്ധിയുള്ള കന്യകമാരെപ്പോലെ ഉണർന്നിരിക്കുന്ന ഒരു ജീവിതം നയിക്കുകയും വിശ്വസ്തരായ ദാസന്മാരെപ്പോലെ വിശ്വസ്തമായ ഒരു വേല ചെയ്യുകയും വേണം. അല്ലാത്തപക്ഷം, സഹസ്രാബ്ദ രാജ്യത്തിൽ വരാനിരിക്കുന്ന ശബ്ബത്തിൻ വിശ്രമം നമുക്ക് നഷ്ടമാകുകയും ചില ശിക്ഷണം സഹിക്കുകയും ചെയ്യും.

## C. കൃപയും ഉത്തരവാദിത്വവും

കാൽവിനിസ്റ്റ് സിദ്ധാന്തക്കാർ മാറ്റമില്ലാത്ത കൃപയുടെ കാര്യം ഊന്നിപ്പറയുകയും, അർമീനിയൻ സിദ്ധാന്തക്കാർ മനുഷ്യ ഉത്തരവാദിത്വത്തെ ഊന്നിപ്പറയുകയും ചെയ്യുന്നു. എന്നാൽ വേദപുസ്തകമനുസരിച്ച്, ദിവ്യകൃപ മനുഷ്യ ഉത്തരവാദിത്വത്തിനു വേണ്ടിയാണ്. പെന്തെക്കൊസ്തു ദിവസത്തിൽ പത്രൊസ്

ജനത്തോടു പറഞ്ഞു, "ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ" (പ്രവൃ. 2:40, യവനഭാഷ). കിംഗ് ജെയിംസ് ഭാഷ്യം പരിഭാഷപ്പെടുത്തുന്നതുപോലെ "നിങ്ങളെത്തന്നെ രക്ഷിക്കുവിൻ" എന്നു പത്രൊസ് പറഞ്ഞില്ല: "രക്ഷിക്കപ്പെടുവിൻ" എന്നാണ് അവൻ പറഞ്ഞത്. നിങ്ങളെത്തന്നെ രക്ഷിക്കുകയെന്നാൽ അതു നിങ്ങൾതന്നെ ചെയ്യുന്നു എന്നാണർഥം: രക്ഷിക്കപ്പെടുവിൻ എന്നാൽ മറ്റൊരാൾ നിങ്ങൾക്കുവേണ്ടി ചെയ്യുന്നു, എങ്കിലും അതു ചെയ്യുവാൻ നിങ്ങൾ അവനെ അനുവദിക്കണം എന്നാണർഥം. കർത്താവു നമ്മെ രക്ഷിക്കുന്നുവെങ്കിലും അവൻ നമ്മുടെ സഹകരണം ആവശ്യപ്പെടുന്നു. ഉദാഹരണത്തിന്, ഒരു അമ്മ തന്റെ കുഞ്ഞിനോട് "നിന്നെത്തന്നെ ഊട്ടുക" എന്നു പറയുകയില്ല: അവൾ പറയും: "ഭക്ഷിക്കപ്പെട്ടിരിക്കുക. വികൃതിയായിരുന്ന് വായടയ്ക്കരുത് — നിന്റെ വായ് തുറന്ന് ഭക്ഷിക്കപ്പെട്ടിരിക്കുക. ഭക്ഷണം എടുത്ത് അതിനെ വിഴുങ്ങുക." രക്ഷ തികച്ചും കൃപയുടെ ഒരു കാര്യമാണെങ്കിലും, രക്ഷിക്കപ്പെടുവാൻ നാം മനസ്സുള്ളവരും കർത്താവിൽ വിശ്വസിക്കുവാൻ മനസ്സുള്ളവരും ആയിരിക്കണം. അവനിൽ വിശ്വസിക്കുവാൻ നമുക്കു മനസ്സില്ലെങ്കിൽ സർവശക്തനായ ദൈവത്തിനുപോലും നമുക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ കഴിയുകയില്ല. വിശ്വസിക്കുവാൻ മനസ്സുള്ളവരായിരിക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്തം, ദൈവം രക്ഷിക്കുന്നതിൽ നാം നല്കുന്ന സഹകരണം ആണ്. നമുക്കു മുമ്പാകെ നീട്ടിയിരിക്കുന്ന കൃപ എന്തായിരുന്നാലും, നാം എല്ലാവരും കർത്താവിൽ വിശ്വസിക്കുവാനും അവനിലേക്കു നോക്കുവാനും അവന്റെ കൃപ സ്വീകരിക്കുവാൻ നമ്മെത്തന്നെ തുറക്കുവാനും നമുക്കുവേണ്ടി പ്രവർത്തിക്കുവാൻ അതിനെ അനുവദിക്കുവാനും മനസ്സുള്ളവരായിരിക്കണം.

നമുക്ക് പ്രാപ്തി മാത്രമേ ഉള്ളൂവെങ്കിൽ, കർത്താവിനുവേണ്ടി പ്രവർത്തിക്കുവാൻ നമുക്കു കഴിയുകയില്ല. നമ്മുടെ പ്രാപ്തിക്കുപുറമെ, കർത്താവു നമുക്കു താലന്തും നല്കിയിരിക്കുന്നു. നമുക്കു താലന്തു ലഭിച്ചാൽ നമ്മുടെ താലന്തിനെ നാം ഉപയോഗിക്കണം. നമ്മുടെ താലന്തിനെ ഉപയോഗിക്കുമ്പോൾ മാത്രമേ ലാഭം വരുകയുള്ളൂ. ലാഭം വരുന്നത് ദൈവകൃപയിൽ നിന്നാണെങ്കിലും, ഈ കൃപയുടെ വരവ് നാം താലന്ത് ഉപയോഗിക്കുന്നതിനെ, നമ്മുടെ പ്രവർത്തനത്തെയും അദ്ധ്വാനത്തെയും ആശ്രയിച്ചിരിക്കുന്നു. നാം താലന്ത് ഉപയോഗിക്കുന്നില്ലെങ്കിൽ, കൃപ വരികയില്ല, കാരണം അതിന്റെ വരവ് നമ്മുടെ അദ്ധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു.

Mon

## D. പക്വതയും രാജ്യവും

**ജീവനിലുള്ള വളർച്ച നമ്മുടെ പക്വതയുടെ സമയം നിർണയിക്കും.**

നാം ജീവനിൽ വളരുകയും, ബുദ്ധിയുള്ള കന്യകമാരെപ്പോലെ നമ്മുടെ പാത്രത്തിൽ എണ്ണയുടെ അധിക പങ്ക് ഉണ്ടായിരിക്കുകയും രൂപാന്തരപ്പെടുകയും ചെയ്യുന്നുവെങ്കിൽ, നാം നേരത്തേ പക്വത പ്രാപിക്കും. നാം നേരത്തേ പക്വത പ്രാപിക്കുമോ ഇല്ലയോ എന്നത്, അഥവാ നമ്മുടെ ജീവനിലുള്ള വളർച്ച നിർണയിക്കുമ്പോൾ നാം കർത്താവിന്റെ രാജ്യത്വം പങ്കുവയ്ക്കുമോ ഇല്ലയോ എന്നത്, നമ്മുടെ വേലയും, നമ്മുടെ അഭ്യാസവും, നമ്മുടെ താലന്തിന്റെ ഉപയോഗവും നിർണയിക്കുന്നു. അഞ്ചു താലന്തുള്ള ദാസനോട് കർത്താവു പറഞ്ഞു, "നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കി വയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക" (മത്താ. 25:21). ഇത് കർത്താവായ യേശുവിനോടുകൂടെ ഒരു സഹരാജാവായിരിക്കുവാനും സഹസ്രാബ്ദ രാജ്യത്തിന്റെ സമയത്തുള്ള ശബ്ബത്തായ യഥാർഥ വിശ്രമം ആസ്വദിക്കാനുമാണ്. ലൂക്കൊസ് 19:17 അനുസരിച്ച് കർത്താവു പറഞ്ഞു, "നല്ല അടിമയേ, നന്ന്. നീ അത്യൽപത്തിൽ വിശ്വസ്തനായിത്തീർന്നതിനാൽ, പത്തു പട്ടണങ്ങളിന്മേൽ അധികാരം ഉള്ളവനായിരിക്കുക." സഹസ്രാബ്ദ രാജ്യത്തിൽ ചിലർ പത്തു പട്ടണങ്ങളുടെമേലും മറ്റുചിലർ അഞ്ചു പട്ടണങ്ങളുടെമേലും ഭരണം നടത്തും (ലൂക്കൊ. 19:19). നിങ്ങൾ ഒരു പട്ടണത്തിന്റെ മേയർ മാത്രമല്ല, പത്തു പട്ടണങ്ങളുടെ ഗവർണറും ആയേക്കാം. എല്ലാ വിശദാംശങ്ങളെക്കുറിച്ചും നമുക്ക് വ്യക്തതയില്ലെങ്കിലും, ആർക്കും ഇവിടെ പറയുന്ന തത്ത്വത്തോടു തർക്കിക്കുവാൻ കഴിയുകയില്ല.

ഉപമകളിൽ നമുക്ക് തത്ത്വങ്ങൾ മാത്രം ഉണ്ടായിരിക്കുമ്പോൾ, വെളിപ്പാട് 2:26-27-ൽ നമുക്ക് വിശദാംശങ്ങളുണ്ട്. ഇവിടെ നമ്മോടു പറയുന്നു, "ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും; അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയിക്കും" (യവനഭാഷ). ഭൂമിയിലെ ജാതികൾ തീർച്ചയായും നമ്മളാൽ ഭരിക്കപ്പെടണം. കർത്താവായ യേശു മടങ്ങിവരുമ്പോൾ സകല ജാതികളെയും ഭരിക്കുവാൻ നമ്മെ ചുമതലപ്പെടുത്തും. ആ ദിവസം അർഥശൂന്യമായ സംസാരം മേലാൽ ഉണ്ടായിരിക്കുകയില്ല. എല്ലാവരും ശരിയായ ഭരണത്തിൻകീഴിൽ ആയിരിക്കുന്നതുകൊണ്ട് ശരിയായി സംസാരിക്കും. ആർ അവരെ ഭരിക്കും? ശിക്ഷണം ലഭിച്ച ജനമായ നാം. ഇന്നത്തെ എല്ലാ ഭരണാധികാരികളും ശരിയായ വ്യക്തികളാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവരിൽ ചിലർ പുകവലിക്കുകയും മദ്യപിക്കുകയും ചൂതാടുകയും ചെയ്യുന്നു. അവർക്കെങ്ങനെ ശരിയായ ഭരണാധികാരികളായിരിക്കുവാൻ കഴിയും? ശരിയല്ലാത്ത

ഭരണാധികാരികളിൽനിന്നും മോചിപ്പിക്കപ്പെടുവാൻ സർവഭൂമിയും കാത്തിരിക്കുകയും ഞരങ്ങുകയും ചെയ്യുന്നു. കർത്താവായ യേശു മടങ്ങിവരുമ്പോൾ ഭൂമി അത്തരം ഭരണത്തിൽനിന്നും മോചിപ്പിക്കപ്പെടും. എന്തുകൊണ്ടാണ് കർത്താവായ യേശു ഇതുവരെ മടങ്ങിവരാത്തത്? എന്തുകൊണ്ടെന്നാൽ നാം ഇതുവരെ ശിക്ഷണം പ്രാപിച്ചിട്ടില്ല. അവൻ ഇന്നു മടങ്ങിവരുന്നുവെങ്കിൽ, ജാതികളുടെമേൽ ഭരണം നടത്തുവാൻ അവൻ ആരെ നിയോഗിക്കും?

മത്തായി 25-ലെ താലന്ത് എന്ന പദം ലേഖനങ്ങളിലെ വരം എന്ന പദത്തിനു തുല്യമാണ്. "നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണം" എന്ന് പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു (2 തിമൊ 1:6). ജീവനിൽ നാം വളരുകയും, വേലയിൽ നമ്മുടെ വരത്തെ നാം അഭ്യസിക്കുകയും വേണം. പത്തു കന്യകമാരുടെ ഉപമ ജീവൻ നൽകുന്ന ആത്മാവിനാലുള്ള നമ്മുടെ രൂപാന്തരത്തിന്റെ ആവശ്യത്തെ വെളിപ്പെടുത്തുകയും, താലന്തുകളുടെ ഉപമ ആത്മിക വരങ്ങളുടെ ശരിയായ അഭ്യാസം ഉണ്ടായിരിക്കണമെന്ന നമ്മുടെ ആവശ്യത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. നാമെല്ലാവരും നമ്മുടെ പാത്രത്തിലുള്ള എണ്ണയുടെ അധിക പങ്കിനാൽ രൂപാന്തരപ്പെടുകയും, കർത്താവിനുവേണ്ടി കുറച്ച് ലാഭം നേടുന്നതിന് നമ്മുടെ വരത്തെ അഭ്യസിപ്പിക്കുകയും വേണം. ഒരു വശത്ത് നാം വളരുകയും, മറുവശത്ത് ദൈവത്തിന്റെ വ്യവസ്ഥയിൽ ലാഭമുണ്ടാക്കുകയും വേണം. നമ്മുടെ വളർച്ച നമ്മുടെ പക്വതയുടെ സമയത്തെ നിർണയിക്കുകയും, നമ്മുടെ വരങ്ങളുടെ അഭ്യാസം സഹസ്രാബ്ദ രാജ്യത്തിൽ ക്രിസ്തുവിനോടുകൂടെ നാം പങ്കുവെയ്ക്കുന്ന സ്ഥാനത്തെ നിർണയിക്കുകയും ചെയ്യും. നാം പക്വത പ്രാപിക്കാതെയും നമ്മുടെ വരങ്ങളെ അഭ്യസിപ്പിക്കാതെയും ഇരിക്കുന്നുവെങ്കിൽ, നാം നേരത്തേയുള്ള ഉൾപ്രാപണത്തെയും ക്രിസ്തുവിനോടുകൂടെ വാഴുന്നതിന്റെ ആസ്വാദനത്തെയും നഷ്ടപ്പെടുത്തും. "നിന്റെ യജമാനന്റെ സന്തോഷത്തെ"ക്കുറിച്ച് മത്തായി 25 പറയുന്നു (വാക്യം 21, 23). സംശയമെന്യേ, ഈ സന്തോഷം വരാനിരിക്കുന്ന രാജ്യത്തിന്റെ സമയത്തുള്ള ശബ്ബത്തിൻ വിശ്രമമാകുന്നു.

## E. മടിയനായ ദാസന്റെ ശിക്ഷ — വരാനിരിക്കുന്ന രാജ്യയുഗത്തിലെ ശിക്ഷണം

ഒരു താലന്തുള്ള മടിയനായ ദാസൻ സഹസ്രാബ്ദ രാജ്യത്തിൽ ക്രിസ്തുവിനോടുകൂടെ ഒരു സഹരാജാവായിരിക്കുന്നതിന്റെ ആസ്വാദനം നഷ്ടപ്പെടുത്തുമെന്നു മാത്രമല്ല, അവന് അല്പം കഷ്ടതകളും ഉണ്ടാകും. കഷ്ടതകൾ ഇല്ലായിരുന്നുവെങ്കിൽ, "കരച്ചിലും പല്ലുകടിയും" ഉണ്ടാകുന്നതിനെക്കുറിച്ച് (മത്താ.

25:30) പറയുമായിരുന്നില്ല, അവ ചില ശിക്ഷ സഹിക്കുന്നതിന്റെ അടയാളങ്ങളാണ്. ഇത് നിത്യനാശമല്ല; ഇത് നമ്മുടെ പിതാവിന്റെ ബുദ്ധിപൂർവമായ ശിക്ഷണമാണ്.

സഭായുഗവും രാജ്യയുഗവും തന്റെ ഉദ്ദേശ്യനിവർത്തിക്കു വേണ്ടിയുള്ള ദൈവത്തിന്റെ നിർവഹണ കാലഘട്ടത്തിന്റെ ഭാഗങ്ങളാണ്. ദൈവത്തിന്റെ നിർവഹണ കാലഘട്ടം സഹസ്രാബ്ദത്തിന്റെ അന്ത്യംവരെ അവസാനിക്കുകയില്ല. തന്മൂലമാണ്, ദൈവത്തിന്റെ നമ്മോടുള്ള ഇടപെടൽ. നമ്മുടെമേലുള്ള അവന്റെ ശിക്ഷണം സഭയുഗത്തിലായിരിക്കണമെന്നില്ല, ബുദ്ധിപൂർവമായി വരുവാനുള്ള രാജ്യയുഗത്തിലും ആയിരിക്കാം. സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ, ദൈവത്തിന്റെ നിത്യോദ്ദേശ്യം നിർവഹിക്കപ്പെടുകയും, പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും ആനയിക്കപ്പെടുകയും ചെയ്യും, അതിനുശേഷം ദൈവത്തിന്റെ കൂടുതൽ ഇടപെടലുകളോ കൂടുതൽ ശിക്ഷണമോ ഇല്ലാതിരിക്കും. കർത്താവു മടങ്ങിവരുകയും നാം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നിടത്തോളം എല്ലാം ശരിയാകുമെന്നും എല്ലാ ക്രിസ്ത്യാനികളും സഹസ്രാബ്ദ രാജ്യത്തിൽ വാഴ്ച പങ്കിടുമെന്നുമുള്ള തെറ്റായ ധാരണ നിരവധി ക്രിസ്ത്യാനികൾക്കുള്ളതിനാൽ ഇത് ഞാൻ ആവർത്തിച്ചു പറയുന്നു. നാം സഹസ്രാബ്ദത്തിന്റെ സമയത്ത് ക്രിസ്തുവിനോടുകൂടെ വാഴുമോ ഇല്ലയോ എന്നത് നാം ഇപ്പോൾ എങ്ങനെ ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമ്മെ പാകപ്പെടുത്തുവാനും നമ്മെ പക്വതപ്പെടുത്തുവാനും ഒരു വഴിയുള്ളവനായ നമ്മുടെ കർത്താവ് പരമാധികാരിയാണ്. നാം ഈ യുഗത്തിൽ പാകമാകുന്നില്ലെങ്കിൽ, അടുത്തതിൽ നാം പാകമാകുന്നു എന്ന് അവൻ ഉറപ്പുവരുത്തും.

## F. വില കൊടുക്കേണ്ടതിന്റെ ആവശ്യം

തങ്ങൾക്ക് എണ്ണയുടെ കുറവുണ്ടെന്ന് ബുദ്ധിയില്ലാത്ത കന്യകമാർ കണ്ടെത്തിയപ്പോൾ, വില കൊടുത്തു തങ്ങൾക്കായി വാങ്ങണമെന്ന് അവരോട് ആവശ്യപ്പെട്ടു (മത്താ 25:8-9). രക്ഷ സൗജന്യമാണെങ്കിലും, രൂപാന്തരം അങ്ങനെയല്ല. അതിനു നാം വില കൊടുക്കണം. ഇന്നു നാം വില കൊടുക്കുന്നില്ലെങ്കിൽ, ഭാവിയിൽ നാം അതു കൊടുക്കേണ്ടിവരും. നമുക്കുവേണ്ടി കൊടുക്കുവാൻ ആർക്കും കഴിയുകയില്ല. പത്തു കന്യകമാരുടെ ഉപമയനുസരിച്ച്, കർത്താവിന്റെ മടങ്ങിവരവിനുശേഷവും, നമ്മുടെ പുനരുത്ഥാനത്തിനുശേഷവും, ബുദ്ധിയില്ലാത്തവർ അവരുടെ പാത്രത്തിൽ എണ്ണയുടെ അധിക പങ്കു നേടുന്നതിന് അപ്പോഴും വില നൽകേണ്ടിവരും. ഇത് ബുദ്ധിയുള്ള അഞ്ചു കന്യകമാർ രക്ഷിക്കപ്പെട്ടവരാണെന്നും ബുദ്ധിയില്ലാത്തവർ

വ്യാജ ക്രിസ്ത്യാനികളാണെന്നും കാൽവിനിസ്റ്റ് സിദ്ധാന്തകർ പറയുന്നതുപോലെയല്ല. അതൊരു ഒളിച്ചോട്ടമാണ്. മത്തായി 25-നെ നാം ഗൗരവതരമായ രീതിയിൽ എടുക്കണം. ഇന്ന് സഭായുഗത്തിൽ എണ്ണ നേടുന്നതിന് നാം വില കൊടുക്കുന്നില്ലെങ്കിൽ, കർത്താവു മടങ്ങിവരുകയും നാം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതിനുശേഷം നാം അതു കൊടുക്കേണ്ടിവരും. ഇതാണ് തത്ത്വം. ഇത് എന്റെ ആശയമോ പഠിപ്പിക്കലോ അല്ല; ഇത് വിശുദ്ധ വേദപുസ്തകത്തിലെ നിർമലമായ വചനത്തിന്റെ വെളിപാടാണ്. മത്തായി 25-ലെ ഈ വാക്യങ്ങളെ സ്പർശിക്കാൻ ധൈര്യപ്പെടാതെ, തങ്ങളുടെ സ്വാഭാവിക ധാരണയ്ക്കു യോജിക്കുന്ന വാക്യങ്ങൾ തിരഞ്ഞെടുത്തുകൊണ്ട്, നിരവധി ക്രിസ്ത്യാനികൾ അവരുടെ ഇഷ്ടത്തിനും അഭിരുചിക്കും അനുസരിച്ച് വാക്യങ്ങൾ തിരഞ്ഞെടുക്കുന്നു. ഇത് എത്രത്തോളം നാശകരമാണ്! അവർ തങ്ങളെയും മറ്റുള്ളവരെയും വഞ്ചിക്കുന്നു. ഇന്നു നമുക്കറിയാവുന്ന ശബ്ബത്തിൻ വിശ്രമത്തെക്കാൾ മേന്മയേറിയ ഒരു ശബ്ബത്തിൻ വിശ്രമത്തിലേക്ക് ബുദ്ധിയുള്ള കന്യകമാരും വിശ്വസ്തരായ ദാസന്മാരും പ്രവേശിക്കും. സഭായുഗത്തിൽ നാം ഒരു നല്ല ശബ്ബത്ത് ആസ്വദിക്കുന്നുണ്ടെങ്കിലും, രാജ്യയുഗത്തിൽ വരുവാൻ പോകുന്ന ശബ്ബത്തുപോലെ നല്ലതാകില്ല. കർത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുന്നത് സഹസ്രാബ്ദ രാജ്യത്തിൽ കർത്താവിനോടുകൂടെ ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുന്നതാണ്. ജയാളികളായവരെയെല്ലാം കർത്താവു നോക്കുമ്പോൾ, അവൻ സംതൃപ്തനാകുകയും അവന്റെ ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. നാം ജയാളികളുടെ കൂട്ടത്തിലാണെങ്കിൽ, നാം അവനോടുകൂടെ ആ വിശ്രമത്തിലേക്കു പ്രവേശിക്കും.